## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1662** **12-06-2019 ലെ മറുപടിയ്ക്ക്**

### തീരദേശ പരിപാലന ചട്ടം ലംഘിച്ച് നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ :** | | **ശ്രീ. എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കൊച്ചിയിലെ മരടിൽ തീരദേശ പരിപാലന ചട്ടം ലംഘിച്ച് നിർമ്മിച്ച അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങൾ ഒരു മാസത്തിനുള്ളിൽ പൊളിച്ച് നീക്കണമെന്നുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | നിർമ്മാണങ്ങൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട ബിൽഡർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ച് വിശദമായ റിപ്പോർട്ടും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) അനധികൃത കെട്ടിടങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് നിയമസാധുത നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് ഏറ്റ തിരിച്ചടിയായി ഈ വിധിയെ കാണുന്നുണ്ടോ;<br><br>(സി) എങ്കിൽ ഇപ്രകാരമുള്ള നിയലംഘനങ്ങൾക്ക് പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരണം നൽകുന്ന നടപടി പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും | പിഴ ഈടാക്കിക്കൊണ്ട് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവിൽ ഖണ്ഡിക 6(4)(v) പ്രകാരം തീരദേശ പരിപാലന നിയമത്തിന്റെ ലംഘനങ്ങളുള്ള നിർമ്മാണങ്ങൾ/ഭൂവികാസങ്ങൾ പിഴയടച്ച് ക്രവൽക്കരിക്കുവാൻ സാദ്ധ്യമല്ല. |

സെക്ഷൻ ഓഫീസർ